## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2913 — 12.10.2011-ൽ മറുപടിക്ക്

## കൃഷിഭവനുകൾ വഴി വിത്തും വളവും നല്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. എഫ്. തോമസ് | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കൃഷിഭവനുകൾ വഴി വിത്തും വളവും നല്കുന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ടോ; | എ) ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായ പച്ചക്കറി വികസന പദ്ധതിയുടെ ഘടകമാണ് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കുള്ള കിറ്റു വിതരണം. വിത്തും വളവും അടങ്ങിയ കിറ്റുകളുടെ വിതരണം തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഒഴികെ ബാക്കി 9 ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതി റസിഡൻറ്സ് അസ്സോസിയേഷനുകൾ ഇല്ലാത്ത വാർഡുകളിൽ ലഭ്യമാകുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റസിഡന്റ്സ് അസോസിയേഷനുകളിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. |
| (സി) എങ്കിൽ ഈ പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ